T.C : 038

014/DM/21

| Register Number | | | | | | | | | |
|---|---|---|---|---|---|---|---|---|---|

# DEPARTMENTAL EXAMINATIONS

## TRANSLATION TEST – SECOND PAPER – TRANSLATION OF NEWS PAPER REPORT IN MALAYALAM TO ENGLISH

(Without Books)

Maximum Time : 2.30 hours

Maximum Marks : 100

**Answer ALL questions.**

**(5 × 20 = 100)**

1. Translate into English :

ചെന്നൈ : രാജ്യത്തെ കാർഷികമേഖലയുടെ വളർച്ചയ്ക്ക് നൂതനമാർഗ്ഗങ്ങളും പദ്ധതികളുമുണ്ടാകണമെന്ന് പ്രമുഖ കാർഷികശാസ്ത്രജ്ഞൻ ഡോ. എം.എസ്. സ്വാമിനാഥൻ പറഞ്ഞു. സാമ്പത്തിക ഘടകങ്ങൾ മാത്രമല്ല കാർഷികമേഖലയുടെ വളർച്ചയെ ബാധിക്കുന്നതെന്നും വിഭവങ്ങളെ ശാസ്ത്രീയമായി ഉപയോഗിക്കാൻ സാധിക്കണമെന്നും ഡോ. സ്വാമിനാഥൻ പറഞ്ഞു.

കാർഷികരംഗത്ത് സ്ഥായിയായ വളർച്ചയുണ്ടാകണമെങ്കിൽ പ്രത്യേക നയമുണ്ടാകണം. സാങ്കേതികവിദ്യ കാര്യക്ഷമമായി ഉപയോഗപ്പെടുത്തണം. കർഷകരുടെ താല്പര്യവും ഇക്കാര്യത്തിൽ പ്രധാനമാണ്. മൺസൂൺ, വിപണി തുടങ്ങിയവയെ ആശ്രയിച്ചാണ് കാർഷികമേഖലയുടെ നിലനിൽപ്. എല്ലാ ഘടകങ്ങളും പരിഗണിച്ച് സമഗ്രമായ നയമുണ്ടാകണം.

തീരദേശവികസന പദ്ധതി നടപ്പാക്കുന്നത് തമിഴ്നാട്ടിലെയും കേരളത്തിലെയും കാർഷികരംഗത്തിന്റെ വളർച്ചയ്ക്ക് കാരണമാകും. സ്ഥായിയായ വളർച്ചാമാർഗ്ഗങ്ങൾ പിൻതുടരുന്നതിൽ റഷ്യ ഉത്തമഉദാഹരണമാണ്. അവിടെ റോഡ് വികസനത്തിനും മറ്റു നിർമ്മാണ പ്രവർത്തനങ്ങൾക്കുംവേണ്ടി മരം മുറിച്ചു നശിപ്പിക്കുന്നതിനു പകരം മറ്റിടങ്ങളിലേക്ക് മാറ്റി നടുകയാണ് ചെയ്യുന്നതെന്നും ഡോ. സ്വാമിനാഥൻ ചൂണ്ടിക്കാട്ടി.

2. Translate into English :

ഭൂമിയുടെ ഭ്രമണപഥത്തിൽ ഒഴുകി നടക്കുന്ന മനുഷ്യനിർമ്മിതമായ ആയിരക്കണക്കിന് പാഴ് വസ്തുക്കളെ ഭാവനയിൽ കണ്ടുകൊണ്ട് അവയുടെ സഞ്ചാരപഥങ്ങളെ ഒരു പ്രതലത്തിൽ ചിത്രീകരിക്കുന്ന വീഡിയോ അവതരണമാണ് നജ്ജാറിന്റെ ഓർബിറ്റൽ കാസ്കേഡ് 57-46 (2013).

[Turn over

ഒരു സെന്റീമീറ്ററിനേക്കാൾ വലുപ്പത്തിലുള്ള ഏതാണ്ട് 6,00,000 ഉപയോഗശൂന്യമായ വസ്തുക്കൾ ഭൂമിയുടെ ഭ്രമണപഥത്തിൽ ഒഴുകി നടക്കുന്നുണ്ട് എന്നാണ് നിലവിലുള്ള വിവരം. ജർമ്മനിയിലെ ബ്രൗൺഷ്‌വീഗ് യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജിയിലെ എയ്റോസ്പേസ് സിസ്റ്റംസ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള ശാസ്ത്രജ്ഞരുമായി സഹകരിച്ച് നജ്ജാർ ഒരു വീഡിയോ സിമുലേഷൻ സൃഷ്ടിച്ചിട്ടുണ്ട്. ബഹിരാകാശത്ത് എത്തിയ ആദ്യത്തെ വസ്തുവായ 1957-ൽ വിക്ഷേപിച്ച സ്പുട്നിക്ക് ഉപഗ്രഹം തൊട്ട്, ബഹിരാകാശ പാഴ്‌വസ്തുക്കളുടെ ഭാവിയുടെ, ഭാവനയിൽ കണ്ട ദൃശ്യം വരെ ഈ സിമുലേഷനിൽ ചിത്രീകരിച്ചിട്ടുണ്ട്. ഇതിൽ ഓരോ ചെറുഗോളവും പ്രതിനിധീകരിക്കുന്നത് ബഹിരാകാശത്തിൽ ഒഴുകിനടക്കുന്ന മനുഷ്യനിർമ്മിതമായ ഓരോ പാഴ്‌വസ്തുവിനെയുമാണ്. 2013 തൊട്ട് 2046 വരെ ഭാവനയിൽ കാണുന്ന ഈ വീഡിയോ, ഭാവിയുടെ ഏറ്റവും മോശമായ സാഹചര്യം വരെ അവതരിപ്പിക്കുന്നുണ്ട്. ഈ സിമുലേഷനിൽ അവതരിപ്പിക്കപ്പെടുന്ന ഭാവിദൃശ്യത്തിൽ, നിലവിലുള്ള പാഴ്‌വസ്തുക്കൾ തമ്മിലെ പ്രവചിക്കപ്പെട്ടിട്ടുള്ള കൂട്ടിയിടികൾ വരെ ഉൾപ്പെടുന്നു. അത്തരം കൂട്ടിയിടികൾ ഒരു 'കാസ്കേഡ് പ്രഭാവം' അഴിച്ചു വിടുമെന്നും, ടെലിഫോൺ ആശയവിനിമയങ്ങൾതൊട്ട് കാലാവസ്ഥാ മുന്നറിയിപ്പുകൾ വരെ, എന്തിനുമേതിനും നമ്മൾ ആശ്രയിക്കുന്ന ഓർബിറ്റൽ സാറ്റലൈറ്റ് എന്ന അടിസ്ഥാനസൗകര്യത്തിന്റെ സമ്പൂർണ്ണനാശത്തിന് വഴിവയ്ക്കുമെന്നും കരുതുന്നു.

3. Translate into English :

ന്യൂഡൽഹി : അനുമതിയില്ലാത്ത ദശലക്ഷക്കണക്കിന് ആന്റിബയോട്ടിക്കുകൾ രാജ്യത്ത് വിൽപ്പനയ്ക്കെത്തുന്നുണ്ടെന്ന അന്താരാഷ്ട്രഗവേഷണ റിപ്പോർട്ടിൽ ആശങ്കയറിയിച്ച് ദേശീയ മനുഷ്യാവകാശ കമ്മീഷൻ. 2007 മുതൽ 2012 വരെയുള്ള കാലയളവിൽ ഇന്ത്യയിൽ വിറ്റഴിച്ച 64 ശതമാനം ആന്റിബയോട്ടിക്കുകൾക്കും അനുമതിയില്ലെന്ന ലണ്ടനിലെ ക്യൂൻമേരി, ന്യൂകാസിൽ സർവ്വകലാശാലകൾ നടത്തിയ ഗവേഷണത്തിലെ കണ്ടെത്തൽ ഗൗരവമായി കാണണമെന്ന് കമ്മീഷൻ കേന്ദ്രസർക്കാറിനോട് ആവശ്യപ്പെട്ടു.

കേന്ദ്ര ആരോഗ്യസെക്രട്ടറി, ഡ്രഗ്കൺട്രോളർ ജനറൽ ഓഫ് ഇന്ത്യ എന്നിവർക്ക് കമ്മീഷൻ നോട്ടീസ് അയച്ചു. ആറാഴ്ചയ്ക്കകം മറുപടി നൽകണം. ഇതുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും മാനദണ്ഡങ്ങളും സർക്കുലറുകളും ഹാജരാക്കണം.

ഇന്ത്യയിൽ മരുന്നുകളുടെ ഉപയോഗം ഭീമമായ അളവിലാണ്. അനുമതിയില്ലാതെ മരുന്നുകൾ വിറ്റഴിക്കുന്നത് നിയമവിരുദ്ധമായിട്ടും രാജ്യത്തിന് വ്യാപകമായി നടക്കുന്നു. കൃത്യമായ പരിശോധനയും ചികിത്സയും മനുഷ്യന്റെ അടിസ്ഥാന അവകാശമാണ്. വിഷയം അടിയന്തരമായി പരിശോധിച്ചില്ലെങ്കിൽ രോഗികളുടെയും ഉപഭോക്താക്കളുടെയും അവകാശങ്ങൾ ലംഘിക്കപ്പെടുമെന്നും കമ്മീഷൻ അറിയിച്ചു.

4. Translate into English :

ബ്രിട്ടീഷുകാരുടെ കുറവുകളും അനീതികളും ചൂണ്ടിക്കാട്ടി അവരെ തിരുത്തിക്കുകയാണ് ഉത്തമം എന്ന നിലപാടായിരുന്നു മോത്തിലാലിന്റേത്. എന്നാൽ അവരുടെ മുമ്പിൽ വാലാട്ടി നിൽക്കേണ്ട ഗതികേട് ഇന്ത്യാക്കാർക്കില്ലെന്നും അവരുടെ ആധിപത്യത്തെ ധിക്കരിക്കണമെന്നും ജവഹർലാൽ നിഷ്കർഷിച്ചു. ഇതിന്റെ പേരിൽ അച്ഛനും മകനും പലവട്ടം ഇടഞ്ഞു. ബ്രിട്ടീഷുകാരുമായി സഹകരിച്ചുകൊണ്ടുള്ള ഒരു നീക്കവും ആത്യന്തികമായി ഇന്ത്യയ്ക്ക് ഗുണം ചെയ്യില്ലെന്ന് ജവഹർ

തിരിച്ചറിഞ്ഞിരുന്നു. രൂക്ഷമായ വാദപ്രതിവാദങ്ങളുണ്ടായെങ്കിലും അതുപക്ഷേ അവരുടെ സ്നേഹബന്ധത്തെ ഉലച്ചില്ല. ഗോഖലയുടെ നേതൃപാടവത്തിൽ ജവഹറിന് നേരിയ ശുഭപ്രതീക്ഷ കൈവന്നു. ദക്ഷിണാഫ്രിക്കയിൽ ഏഷ്യൻ വംശജർ നടത്തുന്ന പോരാട്ടങ്ങൾ കണ്ട് മടങ്ങി വന്ന ഗോഖലയുടെ പ്രസംഗം അദ്ദേഹത്തെ ആകർഷിച്ചു. അവിടെ സമരത്തിന് നേതൃത്വം നൽകുന്ന ഇന്ത്യൻ ബാരിസ്റ്റർ മോഹൻദാസ് കരംചന്ദ് ഗാന്ധിയെക്കുറിച്ച് നെഹ്റു ആദ്യമായി അറിഞ്ഞത് ഗോഖലയുടെ വാക്കുകളിലൂടെയാണ്. ഗോപാലകൃഷ്ണ ഗോഖലെ സ്ഥാപിച്ച സെർവന്റ്സ് ഓഫ് ഇന്ത്യയിൽ ജവഹർലാലിന് താല്പര്യം ജനിച്ചെങ്കിലും അതിന്റെ മിതവാദനിലപാടുകളുമായി യോജിക്കാൻ അദ്ദേഹത്തിനായില്ല. ജവഹർ കോൺഗ്രസ്സ് പാർട്ടിയിൽ അംഗമായി. അവിടെയും ചടുലതയുടെ അഭാവം അദ്ദേഹത്തെ ഹതാശനാക്കി.

5. Translate into English :

ബാലസോർ (ഒഡിഷ) : ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ചതും അണ്വായുധം വഹിക്കാൻ ശേഷിയുള്ളതുമായ അഗ്നി-1 ബാലിസ്റ്റിക് മിസൈൽ വിജയകരമായി പരീക്ഷിച്ചു.

കരസേനയുടെ യുദ്ധകൗശലവിഭാഗം കമാൻഡന്റിന്റെ മേൽനോട്ടത്തിലാണ് 700 കിലോമീറ്റർ ദൂരപരിധിയുള്ള മിസൈൽ പരീക്ഷിച്ചത്. ഒഡീഷ തീരത്തെ അബ്ദുൾകലാം ദ്വീപിലെ (വീലർ ഐലന്റ്) ഇന്റഗ്രേറ്റഡ് ടെസ്റ്റ് റേഞ്ചിലെ ലോഞ്ച് പാഡിൽ നിന്നാണ് മിസൈൽ പരീക്ഷിച്ചത്. അഗ്നി-1 മിസൈലിന്റെ പതിനെട്ടാം പതിപ്പാണിത്. നിശ്ചിതസമയത്തിനുള്ളിൽ ഉദ്ദേശിച്ച കാര്യങ്ങളെല്ലാം നിർവ്വഹിക്കാൻ മിസൈലിന് ശേഷിയുണ്ടെന്നും പരീക്ഷണം പൂർണ്ണവിജയമാണെന്നും പ്രതിരോധവിഭാഗം ഉദ്യോഗസ്ഥർ വ്യക്തമാക്കി. നിലവിൽ സായുധസേന ഉപയോഗിക്കുന്ന ഈ മിസൈലിന് 12 ടൺ ഭാരവും 15 മീറ്റർ നീളവുമുണ്ട്. ഒരു ടണ്ണിലധികം ഭാരമുള്ള അണ്വായുധം വഹിക്കാനും ശേഷിയുണ്ട്. കരസേനയുടെ ഗവേഷണസ്ഥാപനമായ ആർ.ഡി.ഒ.യുടെ സഹോദരസ്ഥാപനമായ അഡ്വാൻസ് സിസ്റ്റം ലബോറട്ടറിയാണ് നിർമ്മാണത്തിന് നേതൃത്വം വഹിച്ചത്.

---